6860
28/3/17

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-ചാലക്കുടി നഗരസഭ-വാർഡ് 6 സിത്താര നഗർ ചേരിയിലെ 4 വീടുകളുടെ നിർമ്മാണം-യൂണിറ്റ് കോസ്റ്റിലെ വർദ്ധനവ് കാരണം നിർമ്മാണം മുടങ്ങിയത് എസ്റ്റിമേറ്റ് പുതുക്കി നിർമ്മാണം പൂർത്തിയാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്

സ. ഉ. (സാധാ.) നം.829/2017/ തസ്വഭവ. തിരുവനന്തപുരം, തീയതി, 23/03/2017

---

പരാമർശം:- 1) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 28.06.2016 ലെ ഡി.ബി.3/753/12/സി.ഇ/തസ്വഭവ നമ്പർ കത്ത്.

2) നഗരകാര്യ ഡയറക്ടറുടെ 24.12.2016 ലെയും 11.01.2017 ലെയും ഡി.സി.4/535/2015 നമ്പർ കത്തുകൾ.

3) 15.02.2017 ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 3.23 നം. തീരുമാനം.

## ഉത്തരവ്

2009 - 2010 ലെ ജനകീയാസൂത്രണം പദ്ധതി പ്രകാരം ചാലക്കുടി നഗരസഭയിലെ സിത്താര നഗർ കോളനിയിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 7 വീടുകൾ നിർമ്മിക്കുന്നതിന് (ബി.എസ്.യു.പി. പദ്ധതി പ്രകാരമുള്ള ഫ്ലാറ്റ് ടൈപ്പ് വീടുകൾ) വീടൊന്നിന് 3 ലക്ഷം രൂപ കണക്കാക്കി 21 ലക്ഷം രൂപ വകയിരുത്തുകയും കോസ്റ്റ് ഫോർഡ് മുഖാന്തിരം ഒന്നാം ഘട്ടമായി 3 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. എന്നാൽ ശേഷിക്കുന്ന 4 വീടുകൾ നിർമ്മിക്കേണ്ട സൈറ്റുകളിലേയ്ക്ക് റോഡ് സൗകര്യം ഇല്ലാത്തതിനാലും മണ്ണിന്റെ ഘടന വളരെ മോശമായതിനാൽ മാറ്റം വരുത്തേണ്ടി വന്നതിനാലും നഗരസഭയുടെ കൗൺസിലിന്റെ അംഗീകാരത്തോടെ 2011 എസ്.ഒ.ആർ നിരക്കിൽ തന്നെ 17,65,000/- രൂപയുടെ എസ്റ്റിമേറ്റ് കോസ്റ്റ് ഫോർഡ് തയ്യാറാക്കിയിട്ടുണ്ടെന്നും റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ഒരു വീടിന് 4,41,250/- രൂപ (നാല് ലക്ഷത്തി നാൽപ്പത്തൊന്നായിരത്തി ഇരുന്നൂറ്റി അൻപത് രൂപ)യാണ് യൂണിറ്റ് കോസ്റ്റായി വരുന്നതെന്നും പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഒരു വീടിന് 3.25 ലക്ഷം രൂപയാണ് യൂണിറ്റ് കോസ്റ്റായി അനുവദിച്ചിട്ടുള്ളതെന്നും യൂണിറ്റ് കോസ്റ്റിൽ വന്ന വർദ്ധനവ് അംഗീകരിക്കണമെന്നും പരാമർശം 1 പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിരിക്കുന്നു.

2. രണ്ട് നിലകളുള്ള ടി ഭവന സമുച്ചയത്തിന്റെ രണ്ടാം നിലയുടെ ലിന്റൽ ലെവൽ വരെയുള്ള ജോലികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും, വാതിലുകളും ഫ്രെയിമുകളും ജനൽ ഫ്രെയിമുകളും സ്ഥാപിച്ചിട്ടില്ലായെന്നും ടി പദ്ധതിക്ക് 2016-17 സാമ്പത്തിക വർഷത്തിൽ 6,50,000/- ഉൾപ്പെടുത്തി ഡി.പി.സി അപ്രൂവൽ വാങ്ങിയിട്ടുണ്ടെന്നും 2012-13 വർഷത്തിൽ 17,65,000/- രൂപ എസ്റ്റിമേറ്റുള്ള ടി പ്രവൃത്തി ഇപ്പോൾ പൂർത്തിയാക്കണമെങ്കിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് ആവശ്യമാണെന്നും, സാങ്കേതിക കാരണങ്ങളാൽ പാതിവഴിയിൽ നിൽക്കുന്ന ടി പദ്ധതി പൂർത്തീകരിക്കേണ്ടത് നഗരസഭയുടെ ഉത്തരവാദിത്വമാണെന്നും അല്ലാത്ത പക്ഷം നിർദ്ധനരായ 4 കുടുംബങ്ങൾക്ക് വീടെന്ന സ്വപ്നം സാക്ഷാത്കരിക്കാൻ കഴിയാതെ വരുമെന്നും വീടൊന്നിന് സർക്കാർ നിശ്ചയിച്ച

3.25 ലക്ഷം രൂപ പ്രകാരം 13,00,000/- രൂപ പ്ലാൻ ഫണ്ടിൽ നിന്നും ബാക്കി റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക തനത് ഫണ്ടിൽ നിന്നും കണ്ടെത്തി നിർമ്മാണം പൂർത്തിയാക്കുന്നതിന് പ്രത്യേക അനുമതി നൽകുന്നതായിരിക്കും ഉചിതമെന്നും, ലോക്കൽ ഫണ്ട് ഓഡിറ്റ് പരാമർശത്തെ തുടർന്ന് 10/2014 മുതൽ ടി കെട്ടിടത്തിന്റെ നിർമ്മാണം നിലച്ചിരിക്കുകയാണെന്നും, ടി സ്ഥലത്തേയ്ക്ക് വഴി നിർമ്മിക്കേണ്ടി വന്നത് ടി പ്രവർത്തിയുടെ എസ്റ്റിമേറ്റ് 3.25 ലക്ഷമായി ഉയരുന്നതിന് കാരണമായിരുന്നുവെന്നും, നിർമ്മാണ പ്രവർത്തി പാതിവഴിയിൽ നിലച്ചതുമൂലം 2016-17 ൽ റിവൈസ്ഡ് എസ്റ്റിമേറ്റ് ആവശ്യമായി വന്നിരിക്കുകയാണെന്നും ഭവനരഹിതരായ 4 കുടുംബങ്ങൾക്ക് സ്വന്തമായി വീടെന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിലേയ്ക്കായി ചാലക്കുടി നഗരസഭയിലെ സിതാര നഗർ ചേരിയിലെ വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് പ്രത്യേക അനുമതി നൽകണമെന്നും നഗരകാര്യ ഡയറക്ടർ പരാമർശം-2 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

3. നഗരകാര്യ ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 15.02.2017 ൽ കൂടിയ കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ ഇക്കാര്യം പരിഗണിക്കുകയും 3 മാസത്തിനകം പണി പൂർത്തിയാക്കണമെന്ന നിബന്ധനയോടെ എസ്റ്റിമേറ്റ് പുതുക്കി നിർമ്മാണം പൂർത്തിയാക്കുവാൻ പ്രത്യേക അനുമതി നൽകി സർക്കാർ ഉത്തരവാകുന്നു.

4. ഇക്കാര്യം പ്രത്യേകമായി നഗരകാര്യ ജോയിന്റ് ഡയറക്ടർ മോണിറ്റർ ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
ടി.പി.വിജയകുമാർ
സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടറി, ചാലക്കുടി നഗരസഭ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്/വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ